**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 302 05.03.2012 ലെ മറുപടിയ്ക്ക്

**അച്ചടിച്ച ലോട്ടറി ടിക്കറ്റുകൾ വിൽക്കാൻ സാധിക്കാതെ വരുന്നതു കൊണ്ടുള്ള നഷ്ടം**

ചോദ്യം

ശ്രീ. സാജു പോൾ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിതരണ ശൃംഖല കാര്യക്ഷമമല്ലാത്തതിനാൽ അച്ചടിച്ച ലോട്ടറി ടിക്കറ്റുകൾ വിൽക്കാൻ സാധിക്കാതെ വരുന്നതു വഴി കോടികളുടെ നഷ്ടം സംഭവിക്കുന്നു എന്നുള്ള വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഭാഗ്യക്കുറികളുടെ വിതരണ ശൃംഖല കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നത്. 20/- (ഇരുപത് രൂപ മാത്രം) രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളിൽ നിലവിൽ അച്ചടിക്കുന്ന ടിക്കറ്റുകളെല്ലാം വിറ്റ് വരുന്ന സ്ഥിതിയാണുള്ളത്. |
| (ബി) | ചെറുകിട ഏജന്റുമാർക്ക് ആവശ്യത്തിന് ലോട്ടറി ടിക്കറ്റ് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) | 20/- (ഇരുപത് രൂപ മാത്രം) രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്കാണ് വിപണിയിൽ കൂടുതൽ വിൽപ്പനയെന്നതിനാൽ നിലവിൽ അച്ചടിക്കുന്ന 25 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി അച്ചടി ഉയർത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ